**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **15-10-2024 - ൽ മറുപടിയ്ക്ക്**

**ധനകാര്യ കമ്മീഷൻ ഗ്രാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം എത്ര ശതമാനമായിരുന്നു; നിലവിൽ എത്രയാണ്; അറിയിക്കുമോ; | (എ) | പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം 4.54 ശതമാനമായിരുന്നു; 2021-26 സാമ്പത്തിക വർഷത്തേക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ ഇത് 2.68 ശതമാനമായി കുറഞ്ഞിട്ടുണ്ട്. |
| (ബി) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | (ബി) | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഏജൻസികളെയൊന്നും സർക്കാർ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ ആയത് സംബന്ധിച്ച വിവിധ ലേഖന പരമ്പരകളും പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ആയതിൽ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന Gulati Institute of Finance and Taxation (GIFT)-ന്റെ ത്രൈമാസ പ്രസിദ്ധീകരണമായ Kerala Economy-യുടെ 2024 ജൂലൈ-സെപ്റ്റംബർ പതിപ്പിൽ ധനകാര്യ കമ്മീഷൻ മുഖേനയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാന്റ് വിഹിതത്തിൽ വന്നിട്ടുള്ള കുറവ് സംബന്ധിച്ച് പ്രസിദ്ധീകരിച്ച പഠനറിപ്പോർട്ട് ശ്രദ്ധേയമായ ഒന്നാണ്. ഇത് GIFT-ന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാണ്. (https://www.gift.res.in/kerala-economy-journal-issues/). |
| (സി) | ഗ്രാന്റ് വിഹിതം അനുവദിക്കുന്നതിനായി കേന്ദ്രം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; സംസ്ഥാനത്തിന് വിഹിതം കുറവ് വരുത്തുന്നതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | തദ്ദേശ സർക്കാരുകൾക്കുള്ള ഗ്രാന്റുകൾ നിശ്ചയിക്കുന്നതിന് പതിനാലും പതിനഞ്ചും ധനകാര്യ കമ്മീഷനുകൾ പരിഗണിച്ചത് ജനസംഖ്യ (2011-ലെ സെൻസസ്), ഭൂമിശാസ്ത്ര വിസ്തീർണ്ണം എന്നിവ അടങ്ങിയിട്ടുള്ള രണ്ട് മാനദണ്ഡങ്ങളായിരുന്നു. പതിനഞ്ചാം ധനകാര്യ |

| | | | |
|---|---|---|---|
| | | | കമ്മീഷൻ പ്രകാരം സംസ്ഥാനത്തിന്റെ ഷെയർ 2.68 ആണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ജനസംഖ്യ (1971-ലെ സെൻസസ്), ഭൂമിശാസ്ത്ര വിസ്തീർണ്ണം, ഏറ്റവും ഉയർന്ന പ്രതിശീർഷ വരുമാനത്തിൽ നിന്നുള്ള ദൂരം, ഇൻഡെക്സ് ഓഫ് ഡിപ്രിവേഷൻ, റവന്യൂ പ്രയത്നം എന്നീ അഞ്ച് മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയാണ് വിഹിതം നിശ്ചയിച്ചത്. ആയതു പ്രകാരം കേരളത്തിന്റെ വിഹിതം 4.54 ശതമാനമായിരുന്നു. ഇത്തരത്തിൽ മാനദണ്ഡങ്ങളിലുണ്ടായ മാറ്റമാണ് ഷെയർ കുറഞ്ഞതിനുള്ള കാരണം. |
| (ഡി) | പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ കാലയളവിൽ നിന്നും വ്യത്യസ്തമായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ വർദ്ധിച്ച തോതിൽ ഗ്രാന്റ് വിഹിതം ലഭ്യമായ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ? | (ഡി) | പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി താരതമ്യം ചെയ്യുമ്പോൾ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ തദ്ദേശ ഗ്രാന്റിനത്തിലുള്ള വിഹിതത്തിൽ ഏറ്റവും കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിനായിരുന്നു. ഉത്തർ പ്രദേശ്, ബീഹാർ, പശ്ചിമ ബംഗാൾ, രാജസ്ഥാൻ തുടങ്ങി ഇരുപതോളം സംസ്ഥാനങ്ങൾക്ക് വിഹിതത്തിൽ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ